കായനാട് ഐ.സി.ഡി.പി. സബ് സ്റ്റേഷൻ

124 [2113] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവ്വാറ്റുപുഴ നിയോജക മണ്ഡലത്തിലെ മാറാടി പഞ്ചായത്തിലെ കായനാട് ഐ.സി.ഡി.പി. സബ് സെൻറർ അനുവദിച്ചുകൊണ്ട് ഉത്തരവുണ്ടായിട്ടും ഇന്നേവരേയും സെൻറർ ആരംഭിക്കുവാൻ കഴിയാതെ വന്നതെന്തുകൊണ്ടാണ്;

(ബി) ഇവിടെ എന്നത്തേക്ക് സബ് സെൻറർ പ്രവർത്തനം തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മൂവ്വാറ്റുപുഴ നിയോജക മണ്ഡലത്തിലെ മാറാട് പഞ്ചായത്തിൽ കായനാട് പുതുതായി ഐ.സി.ഡി.പി. സബ് സെൻറർ അനുവദിച്ചിട്ടില്ല. എന്നാൽ കോട്ടപ്പടി പഞ്ചായത്തിലെ പ്രവർത്തനക്ഷമമല്ലാത്ത പ്ലാമുടി ഐ.സി.ഡി.പി. സബ്സെൻറർ അവിടേക്ക് മാറ്റാനാകുമോ എന്ന് പരിശോധിച്ചെങ്കിലും പഞ്ചായത്ത് അധികൃതരുടെ സമ്മതം ഇതിന് ലഭിച്ചില്ല.

(ബി) സംസ്ഥാനത്ത് പുതുതായി ഐ.സി.ഡി.പി. സബ് സെൻററുകളൊന്നും ആരംഭിക്കുവാൻ ഉദ്ദേശമില്ല.

ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം

125 [2114] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനത്തിനുവേണ്ടി ഏതെല്ലാം രീതിയിലുള്ള സഹായങ്ങളാണ് നൽകിവരുന്നത് എന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വി.എഫ്.പി.സി.കെ.-യുടെ പ്രവർത്തനംമൂലം സംസ്ഥാനത്തെ പഴം, പച്ചക്കറിയുടെ ഉൽപ്പാദനത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായി എന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി രൂപീകരിച്ച കാർഷിക സംഘങ്ങൾക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ പഴം, പച്ചക്കറി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും അവരുടെ ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കെ. എച്ച്. ഡി. പി.-യുടെ പങ്കാളിത്ത വികസന മാതൃക പദ്ധതി പ്രകാരം 2002-03-ൽ 130 ലക്ഷം രൂപയും 2003-04-ൽ 195.5 ലക്ഷം രൂപയും 2004-05-ൽ 365 ലക്ഷം രൂപയും കൃഷി വകുപ്പ് മുഖേന വെജിറ്റബിൾ ആൻറ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് നൽകിയിട്ടുണ്ട്. വെജിറ്റബിൾ ആൻറ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിൻെറ പ്രവർത്തനം കാസർഗോഡ് ജില്ലയ്ക്കും മറ്റു ജില്ലകളിലെ തുടർ പ്രവർത്തനത്തിനുമായി 2005-06-ൽ 4 കോടി രൂപയും വക കൊള്ളിച്ചിട്ടുണ്ട്. വെജിറ്റബിൾ ആൻറ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിൻെറ പ്രവർത്തനം കേരളത്തിലെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly